# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:2036** 05/12/2018 **ൽ മറുപടിയ്ക്ക്**

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കോവൂർ കുഞ്ഞുമോൻ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വളരെ വേഗം ധനസഹായം ലഭിക്കുന്നുവെങ്കിലും തുടർ ചികിൽസ ആവശ്യമായിട്ടുള്ള ഗുരുതര രോഗികൾക്ക് നിശ്ചിത ഇടവേളകളിൽ ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കഴിയുന്നത്ര വേഗത്തിൽ തന്നെ ധനസഹായം അനുവദിച്ചു വരുന്നുണ്ട്. മാരകമായ അസുഖങ്ങൾക്ക് ചികിത്സ വേണ്ടി വരികയും ആ അസുഖങ്ങൾക്ക് സർക്കാർ ആശുപത്രികളിൽ മാത്രമായി ചികിത്സ ലഭ്യമാകാതിരിക്കുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ ചികിത്സാ ചെലവ് രേഖപ്പെടുത്തിയിട്ടില്ലെങ്കിലും നിലവിലെ മാനദണ്ഡ പ്രകാരം നൽകുന്ന മിനിമം തുകയിൽ നിന്നും ഒരാൾക്ക് പരമാവധി മൂന്ന് ലക്ഷം രൂപ വരെ അനുവദിക്കാറുണ്ട്. ഗുരുതരമായ രോഗങ്ങൾക്ക് ഒരിക്കൽ ധന സഹായം അനുവദിച്ചു കഴിഞ്ഞ ശേഷം രണ്ടു വർഷം കഴിഞ്ഞ് വീണ്ടും അപേക്ഷിക്കാവുന്നതാണ്. എന്നാൽ തികച്ചും അർഹമെന്നു തോന്നുന്ന കേസുകളിൽ ഉചിതമായ തീരുമാനമെടുക്കുന്നതിന് സർക്കാരിന് അധികാരമുണ്ട്. |
| (ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സമർപ്പിക്കുന്ന അപേക്ഷകളിൽ റേഷൻ കാർഡിലെ വരുമാന വെളിപ്പെടുത്തൽ മാത്രം മതിയാകുമോ; വിശദമാക്കുമോ; | (ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകളിൻമേലുള്ള റിപ്പോർട്ടിൽ വാർഷിക വരുമാനം എത്രയെന്ന് വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്യേണ്ടതാണ്. |

| | | | |
|---|---|---|---|
| (സി) | രോഗി മരണപ്പെടുന്ന സാഹചര്യത്തിൽ ധനസഹായം ലഭിക്കാൻ പ്രയാസം നേരിടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ച ശേഷം അപേക്ഷകൻ മരണപ്പെടുകയാണെങ്കിൽ അനുവദിക്കപ്പെടുന്ന തുക അപേക്ഷകന്റെ ആശ്രിതർക്ക് നൽകുന്നതാണ്. രോഗിക്ക് അപേക്ഷിക്കാൻ ബുദ്ധിമുട്ട് നേരിടുന്നുവെങ്കിൽ ആശ്രിതർക്ക് രോഗിക്കു വേണ്ടി അപേക്ഷിക്കാവുന്നതാണ്. |
| (ഡി) | അപേക്ഷയിൽ നോമിനിയുടെ പേരുകൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | | |
| (ഇ) | ഡയാലിസിസ് ആവശ്യമായ രോഗികൾക്ക് മാസം തോറും ധനസഹായം ലഭിക്കുന്ന പദ്ധതികൾ നടപ്പിൽ വരുത്തുമോ? | (ഇ) | വൃക്കരോഗം ബാധിച്ച് ഡയാലിസിസിന് വിധേയരാകുന്ന BPL വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന പ്രതിമാസം 1100/- രൂപ സമാശ്വാസം പദ്ധതി പ്രകാരം അനുവദിക്കുന്നുണ്ട്. |

Smitha. A.S.

**സെക്ഷൻ ഓഫീസർ**